സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ **AP No. 782(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6764/*എസ്.ഐ.സി-ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 26.08.2022

ശ്രീ.സുവിന്ദ്. പി,
അമ്പാടി ഹൗസ്,
കുമാരനല്ലൂർ പോസ്റ്റ്,
മുക്കം, കോഴിക്കോട്. — അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ,
ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്,
കോഴിക്കോട് – 673 020.

2. അപ്പീൽ അധികാരി &
മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ,
മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 11/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/06/2021 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ മുക്കം, കുമാരനെല്ലൂർ, അമ്പാടിയിൽ, ശ്രീ. സുവിന്ദ്. പി., കോഴിക്കോട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസിലെ

എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി നൽകിയ ഹിന്ദു, തിയ്യ, ഒ.ബി.സി & ബി.പി.എൽ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിന് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലാത്തിനാലാണ് ടിയാൻ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 19.08.2022 തീയതിയിൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ ഹാജരാവുകയോ, ഹാജരാവാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. അപ്പീലധികാരി ഹിയറിംഗിൽ ഹാജരായി റിപ്പോർട്ട് സമർപ്പിച്ചു. ആയത് തൃപ്തികരമായി കാണുന്നു. അപ്പീൽ അധികാരിയുടെ 17.08.2022 ലെ റിപ്പോർട്ടിന്റെ പകർപ്പ് ഹർജികക്ഷിയ്ക്ക് അയച്ച് നൽകണമെന്ന് ടി എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരുന്ന സാഹചര്യത്തിൽ, ടി അപ്പീൽ ഹർജിയിൽ ടിയാൻ ഉറച്ച് നിൽക്കുന്നില്ല എന്ന് കണ്ട്, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 26-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

*vkm*

RIGHT TO INFORMATION